# മർമ്മവൈദ്യ ശില്പശാല

**വിദ്യാവിനിമയ പരിപാടി**

**പരമ്പര - 40**

**19-20, മാർച്ച്, 2011**

**വടകര**

**കോട്ടക്കൽ കണാരൻ ഗുരുക്കൾ സ്മാരക കളരിവിദ്യാപഠനകേന്ദ്രം**

**ചോമ്പാല - വടകര. 673308**

## മർമ്മവൈദ്യ പരിശീലനപരിപാടി - ആസൂത്രണം

പാരമ്പര്യരീതികളിൽ ഊന്നിക്കൊണ്ടു തന്നെ മർമ്മശാസ്ത്രവിദ്യകൾ പുതിയ തലമുറയ്ക്ക് ലഭ്യമാക്കുന്നതിനു വേണ്ടി വർത്തമാനകാലത്തിനു യോജിച്ച നിലയിലുള്ള ഒരു ദീർഘകാല മർമ്മവിദ്യ / മർമ്മവൈദ്യ പരിശീലനപരിപാടി ആസൂത്രണം ചെയ്തുവരികയാണ് കളരിവിദ്യാപഠനകേന്ദ്രം. പ്രാചീനമായ കളരിപാരമ്പര്യത്തിലെ ബഹുവിധങ്ങളായ വിജ്ഞാനരീതികൾ കണ്ടെത്തി വർത്തമാനകാലജീവിതവുമായി ബന്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഇങ്ങനെയൊരു പരിശീലനപരിപാടി ആസൂത്രണം ചെയ്യുന്നത്.

വളരെ വിപുലമായ ഒരു വിജ്ഞാനമേഖലയായ മർമ്മശാസ്ത്രം അടിസ്ഥാനമായുള്ള മർമ്മവൈദ്യത്തിന്റെ തത്വങ്ങളിലും അതിലേറെ പ്രാധാന്യമുള്ള അതിന്റെ പ്രായോഗികവശങ്ങളിലും വൈദഗ്ദ്ധ്യം നേടുന്നതിന് വളരെക്കാലത്തെ പരിശീലനം ആവശ്യമാണ്. പഴയകുടുംബപാരമ്പര്യങ്ങളിലൂടെയുള്ള പരിശീലനരീതികൾ ഇല്ലാതായതോടെ വിലപ്പെട്ടതായ പല അറിവുകളും അന്യം നിന്നുപോവുകയോ ശിഥിലമാക്കപ്പെടുകയോ ആണുണ്ടായത്. ഒറ്റപ്പെട്ടതോ, ഭാഗികമോ ആയ ചില അറിവുകളിൽ മാത്രം പ്രത്യേക വൈദഗ്ദ്ധ്യമുള്ള ഗുരുക്കന്മാരിലോ ചിലവ്യക്തികളിലോ ആണ് ഇന്ന് മർമ്മവിദ്യകളിൽ പലതും അല്പമായെങ്കിലും അവശേഷിക്കുന്നത്. മർമ്മശാസ്ത്രം സംബന്ധിച്ച് തമിഴിലുള്ള ധാരാളം ഗ്രന്ഥങ്ങൾ ഇക്കാലത്ത് അച്ചടിച്ച് പുറത്ത് വന്നിട്ടുണ്ടെങ്കിലും വിദ്യകളുടെ പ്രായോഗികതകളിൽ പിടിപാടുള്ളവർ വളരെചുരുക്കമാണ്. അതിനാൽ ശാസ്ത്രതത്വങ്ങൾ മിക്കതും പ്രായോഗപൂർത്തീകരണമില്ലാതെ വെറും വിദ്യകൾ മാത്രമായി അവശേഷിക്കുകയാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽ ഭാഗികമായെങ്കിലും പ്രായോഗപരിജ്ഞാനമുള്ളവരിൽ നിന്നും കൈകാര്യശേഷിയുള്ള വിദ്യകൾ സ്വായത്തമാക്കാനും, അതിന്റെയടിസ്ഥാനത്തിൽ കൈകാര്യശേഷി നഷ്ടമായ ശാസ്ത്രവിദ്യകൾ വീണ്ടെടുക്കാൻ ശ്രമിക്കുകയുമാണ് സാധ്യമാക്കാവുന്ന ഒരു കാര്യം.

പാരമ്പര്യത്തിന്റെ മുഴുവൻ കണിശതകളോടെയല്ലെങ്കിലും വളരെ ഫലപ്രദമായതും വിശിഷ്ടവുമായ പലവിദ്യകളും അറിയുന്നവർതന്നെ ദൈനംദിനം അവ കൈകാര്യം ചെയ്യാതെ കൈവശം വെച്ചുവരുന്നുമുണ്ട്. ചികിത്സ, ആരോഗ്യപരിചരണം, ആത്മരക്ഷ, ആത്മീയത, ധാർമ്മികത തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട മർമ്മവിദ്യകളറിയുന്നവരാണ് ഗൗരവമായ പരിഗണനകളോ പ്രോത്സാഹനമോ ലഭിക്കാതെ ഒറ്റപ്പെട്ട നിലയിൽ കഴിഞ്ഞുവരുന്നത്. പലരുടെയും ജീവിതകാലശേഷം മറ്റാർക്കും കൈമാറപ്പെടാതെ പല വിദ്യകളും ഇല്ലാതായിക്കൊണ്ടിരിക്കുന്നതും നമുക്ക് മൂകസാക്ഷികളായി നില്ക്കേണ്ടി വരുന്നു. ഇങ്ങനെയൊരു സന്ദർഭത്തിലാണ് പരസ്പരബന്ധിതമായി വർത്തിക്കുന്ന മർമ്മവിദ്യകളുടെ സവിശേഷമായ പ്രയോഗമുറകൾ സാധ്യമായ രീതികളിലെല്ലാം സംരക്ഷിച്ചുനിറുത്തന്നതിനുതകുന്ന ഒരു ദീർഘകാല പരിശീലനപരിപാടിയെക്കുറിച്ച് ആലോചിക്കേണ്ടിവരുന്നത്.

നമ്മെ ബാധിക്കുന്ന പലരോഗങ്ങളും മർമ്മാഘാതത്തെതുടർന്ന് കാലാന്തരത്തിലുണ്ടാകുന്ന ദൂഷ്യങ്ങൾ കാരണമാണെന്നാണ് മർമ്മവൈദ്യം കാണുന്നത്. ബന്ധപ്പെട്ട മർമ്മസ്ഥാനങ്ങളിലും നാഡികേന്ദ്രങ്ങളിലും പലതരത്തിൽ തട്ടിയും തിരുമ്മിയും വൈകല്യങ്ങൾ തീർക്കുന്ന തട്ടുമർമ്മ ചികിത്സയാണ് മർമ്മവൈദ്യത്തിന്റെ ഒരു സവിശേഷരീതി. കാര്യമായ മരുന്നു പ്രയോഗങ്ങളില്ലാതെ ഗ്രന്ഥികളെ ഉത്തേജിപ്പിച്ച് ശരീരത്തെകൊണ്ടുതന്നെ ആവശ്യമായ മരുന്നുകളുല്പാദിപ്പിക്കുന്ന രീതിയാണ് ഇവിടെ അവലംബമാക്കുന്നത്. കാലതാമസമില്ലാതെയുള്ള രോഗഭേദമാക്കൽ, ദൂഷ്യഫലങ്ങളില്ലായ്മ, സാമ്പത്തികചെലവുകളില്ലായ്മ എന്നിവയാണ് ഇതിന്റെ സവിശേഷതകൾ. ആരംഭത്തിൽ തന്നെ നിസാരമായി പരിഹരിക്കാവുന്ന പല വിഷമതകളും ദീർഘകാലത്തെ മരുന്നു ചികിത്സകളിലൂടെയും മറ്റും സങ്കീർണ്ണമാക്കപ്പെടുകയാണ് ഇന്ന്. മർമ്മ വൈദ്യത്തിന്റെ തനതുരീതികളിൽ നിന്ന് വിട്ട് ആയുർവേദവുമായി കൂട്ടിക്കുഴച്ചുകൊണ്ടാണ് പലരും ഇക്കാലത്ത് അത് കൈകാര്യം ചെയ്തുവരുന്നത്.

കളരിടൂറിസം, ആയുർവേദടൂറിസം, സുഖചികിത്സ, നാടൻകല, പ്രദർശനകല എന്നിവയൊക്കെയായി കളരിവിദ്യാപാരമ്പര്യത്തെ ഔദ്യോഗികമായി തന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് ഈ മേഖലയിൽ വൻതോതിൽ കച്ചവട പ്രവർത്തനങ്ങൾ ശക്തിപ്പെട്ടുവരുന്നത്. പേരിനെങ്കിലും നിലനിന്നിരുന്ന പാരമ്പര്യരീതികളെ ദുർബലമാക്കുകയാണ് ഇത്തരം പ്രോത്സാഹനങ്ങൾ. വിദേശരാജ്യങ്ങളിലേക്കും, പഞ്ചനക്ഷത്രഹോട്ടലുകളിലേക്കും, ടൂറിസം റിസോർട്ടുകളിലേക്കുമെല്ലാമായി അശാസ്ത്രീയമായി നടത്തിവരുന്ന ഉഴിച്ചിൽ/ തിരുമ്മു വ്യവസായത്തിനു വേണ്ടി രണ്ട്/ നാല് മാസക്കാലങ്ങളിലായുള്ള ഉഴിച്ചിൽ - പഞ്ചകർമ്മ സർട്ടിഫിക്കറ്റ് കോഴ്സുകൾ മറ്റൊരു വ്യവസായമായി തന്നെ നഗരങ്ങളിൽ നടന്നുവരുകയാണ്. ഇങ്ങനെ മർമ്മവെദ്യത്തെ വികൃതമാക്കി ഇല്ലാതാക്കുമ്പോൾ തന്നെ ഇതിന്റെ തത്വങ്ങളും രീതികളും പിടിച്ചെടുത്ത് മറ്റ് വൈദ്യമേഖലകൾ അവരുടേതായ പുതിയ രീതികളിലായി അവതരിപ്പിച്ചുകൊണ്ട് കച്ചടവടം ചെയ്തുവരുന്നുമുണ്ട്. വളരെ വിപുലമായ മർമ്മ വിദ്യയുടെ തത്വങ്ങളിലും പ്രയോഗത്തിലും ഗഹനമായ പരിജ്ഞാനം ഉണ്ടാകുന്നതിന് പര്യാപ്തമായ ഒരു ദീർഘകാല മർമ്മശാസ്ത്ര/ മർമ്മവെദ്യപരിശീലനപരിപാടിയിലൂടെ മാത്രമെ ഈ രംഗത്ത് നടന്നുവരുന്ന അപകടകരമായ വ്യവസായ തട്ടിപ്പുകളെ ഫലപ്രദമായി ചെറുക്കാനാവുകയുള്ളൂ. ഇങ്ങനെ ഒരു ആവശ്യം മുൻനിർത്തിക്കൊണ്ട് 'പാരമ്പര്യകളരി മർമ്മവൈദ്യകുലം' എന്ന പേരിൽ ഒരു സ്ഥാപനത്തിന് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.

നിസ്സാരമായ അസുഖങ്ങൾക്കുള്ള ചികിത്സക്കുവേണ്ടി പോലും ആഗോളതലത്തിലുള്ള വൈദ്യ / മരുന്നുകുത്തകകളുടെ ചികിത്സാതന്ത്രങ്ങളെ ആശ്രയിക്കേണ്ട നിലയിൽ അധപതിച്ചുകഴിയുന്ന നമുക്ക് ആശ്വാസത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പരമ്പര്യവഴികൾ വല്ലതുമുണ്ടോ എന്നന്വേഷിക്കേണ്ടത് ഒരു അതിജീവനപ്രശ്നമായ കാണുന്നവർ ഇത്തരം പ്രവർത്തനങ്ങളുമായി കഴിയാവുന്ന നിലയിൽ സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. **പിള്ളതാങ്ങി : അതിജീവിനവിദ്യാ സ്വയം പരിശീലനശാല** എന്ന ഒരു പ്രസ്ഥാനത്തിനും ഇതിന്റെ ഭാഗമായി തുടക്കം കുറിച്ചിട്ടുണ്ട്.

വിശദവിവരങ്ങൾക്ക് : 9447262817

www. pillathaangi.blogspot.com